# Report– Food salvatio 26’

ലോക ഭക്ഷ്യസുരക്ഷാ ദിനാചരണത്തോടനുബന്ധിച്ച് വർഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി യുടെ ആഭിമുഖ്യത്തിൽ "FOOD SALVATIO" എന്ന പേരിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികൾ 2026 ജൂൺ 3-ന് ആരംഭിച്ചു.

പരിപാടിയുടെ ഭാഗമായി ജൂൺ 3-ന് പ്രമോ വീഡിയോ റിലീസും ഓൺലൈൻ ഫോട്ടോഗ്രഫി മത്സരവും സംഘടിപ്പിച്ചു

“from Burden to Solution: Safe Food Everywhere” എന്ന പ്രമേയത്തെ ആസ്പദമാക്കി തയ്യാറാക്കിയ പ്രമോ വീഡിയോ ഒന്നാം വർഷ വിദ്യാർത്ഥികളാണ് സൃഷ്ടിച്ചത്. ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യവും സുരക്ഷിതമായ ഭക്ഷണം എല്ലാവർക്കും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും വീഡിയോയിൽ സൃഷ്ടിപരമായി അവതരിപ്പിച്ചു.

അതോടൊപ്പം “Every Bite Has a Story” എന്ന വിഷയത്തിൽ ഓൺലൈൻ ഫോട്ടോഗ്രഫി മത്സരവും സംഘടിപ്പിച്ചു. ഭക്ഷണവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, സംസ്കാരം, ഓർമ്മകൾ, ഭക്ഷ്യസുരക്ഷ എന്നിവയെ പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങളാണ് വിദ്യാർത്ഥികൾ സമർപ്പിച്ചത്. മത്സരത്തിന് മികച്ച പ്രതികരണവും സജീവമായ പങ്കാളിത്തവും ലഭിച്ചു.

വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകളും ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള അവബോധവും ഉയർത്തിക്കാട്ടുന്നതിൽ പരിപാടി ശ്രദ്ധേയമായി.

ജൂൺ 4-ന്

പരിപാടിയുടെ ഉദ്ഘാടനം സ്റ്റാഫ് കോ-ഓർഡിനേറ്ററായ ദിവ്യ എം.ബി. മാഡം നിർവഹിച്ചു. ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യവും സുരക്ഷിത ഭക്ഷണ ശീലങ്ങൾ സമൂഹത്തിലേക്ക് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അവർ ഉദ്ഘാടന പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു.

തുടർന്ന്, ജിതിൻ സാറിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ച ബോധവത്കരണ നാടകം അരങ്ങേറി. ഭക്ഷ്യ മാലിന്യങ്ങളുടെ പുനരുപയോഗം, ഭക്ഷ്യനഷ്ടം കുറയ്ക്കൽ, പരിസ്ഥിതി സംരക്ഷണം എന്നിവയായിരുന്നു നാടകത്തിന്റെ പ്രധാന പ്രമേയം. നാടകം പ്രേക്ഷകരിൽ മികച്ച സന്ദേശം പകർന്നു നൽകാൻ സഹായിച്ചു.

പരിപാടിയുടെ ഭാഗമായി എല്ലാവർക്കുമായി ഒരു ഓപ്പൺ ക്വിസ് മത്സരവും സംഘടിപ്പിച്ചു. പങ്കെടുത്തവരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. ശരിയുത്തരം നൽകിയവർക്ക് മധുരപലഹാരങ്ങൾ സമ്മാനമായി വിതരണം ചെയ്തു.

അവസാനമായി വിദ്യാർത്ഥി കോ-ഓർഡിനേറ്റർ നന്ദിപ്രസംഗം നടത്തി. പരിപാടിയുടെ വിജയത്തിനായി സഹകരിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പങ്കെടുത്തവർക്കും നന്ദി രേഖപ്പെടുത്തി.

June 5 ന് Mock the Press മത്സരം കോൺഫറൻസ് ഹാളിൽ രാവിലെ 9.00 മണിക്ക് ആരംഭിച്ചു.
വിദ്യാർത്ഥികളുടെ ആശയവിനിമയ കഴിവ്, വിമർശനാത്മക ചിന്ത, പൊതുവിജ്ഞാനം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മത്സരം സംഘടിപ്പിച്ചത്.മത്സരത്തിൽ വിദ്യാർത്ഥികൾ വിവിധ ഭക്ഷ്യവസ്തുക്കളുടെ കഥാപാത്രങ്ങളായി വേഷമിട്ട് പങ്കെടുത്തു. ഓരോ മത്സരാർത്ഥിയും തങ്ങൾ അവതരിപ്പിച്ച ഭക്ഷ്യവസ്തുവിന്റെ പ്രത്യേകതകൾ, പോഷകഗുണങ്ങൾ, സുരക്ഷാ വശങ്ങൾ എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകി.
ഡോ. സുധീർ ബാബു സർ, അഭിനാഷ് സാർ, അജയ് സാർ എന്നിവർ വിധികർത്താക്കളായി പ്രവർത്തിച്ചു. അവരുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ പ്രഖ്യാപിച്ചു.
മത്സരം രാവിലെ 10.30 മണിക്ക് സമാപിച്ചു. വിദ്യാർത്ഥികളുടെ മികച്ച പങ്കാളിത്തവും അവതരണ മികവും പരിപാടിയുടെ വിജയത്തിന് കാരണമായി.
ജൂൺ 6 ന് Plate to Palette മത്സരം വൈകുന്നേരം 4.00 മണിക്ക് വി.കെ.ഐ.ഡി.എഫ്.ടി - ഇടനാഴിയിൽ വെച്ച് സംഘടിപ്പിച്ചു.

“Safe Food Today, Healthy Tomorrow” എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന മത്സരത്തിൽ വിദ്യാർത്ഥികൾ ഭക്ഷ്യവർണങ്ങൾ, ഉണക്കിയ പയർവർഗങ്ങളിൽ നിന്ന് തയ്യാറാക്കിയ പൊടികൾ, കറിപ്പൊടികൾ തുടങ്ങിയ സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മനോഹരമായ കലാസൃഷ്ടികൾ ഒരുക്കി. നിറപ്പൊടികൾക്ക് പകരം ഭക്ഷ്യയോഗ്യമായ വസ്തുക്കൾ ഉപയോഗിച്ചതാണ് മത്സരത്തിന്റെ പ്രത്യേകത.

രാധിക മിസ്, വന്ദന മിസ് എന്നിവർ വിധികർത്താക്കളായി പ്രവർത്തിച്ചു. അവരുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഒന്നാം, രണ്ടാം, മൂന്നാം സ്ഥാനങ്ങൾ പ്രഖ്യാപിച്ചു.

മത്സരം വൈകുന്നേരം 5.00 മണിക്ക് സമാപിച്ചു. വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകളും ആവേശകരമായ പങ്കാളിത്തവും പരിപാടിയെ വിജയകരമാക്കി.

ജൂൺ 7-ന് രാവിലെ 6.00 മണിക്ക് ഭക്ഷ്യസുരക്ഷയെ ആസ്പദമാക്കി ഒരു Foodathon 3.0 എന്ന marathon സംഘടിപ്പിച്ചു.
മുന്നോടിയായി ആവേശകരമായ സുംബ ഡാൻസ് പരിപാടി നടന്നു. തുടർന്ന് എല്ലാ പ്രായക്കാരെയും ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത മത്സരാർത്ഥികളുടെ പങ്കാളിത്തത്തോടെ Marathon ആരംഭിച്ചു.
15 വയസ്സിൽ താഴെയുള്ളവർക്ക് 7 കിലോമീറ്ററും 15 വയസ്സിന് മുകളിലുള്ളവർക്ക് 10 കിലോമീറ്ററും ദൂരമായാണ് മത്സരം ക്രമീകരിച്ചത്. തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീമതി ശിഖ സുരേന്ദ്രൻ ഫ്ലാഗ് ഓഫ് നിർവഹിച്ചതോടെ 6.10 ന് marathon ആരംഭിച്ചു.
സ്റ്റുഡന്റ് coordinator നന്ദന വി. ആർ, വിഷ്ണു മോഹൻ എന്നിവർ program convenor Dr. Jose Mathew Sir ന്റെ നേതൃത്വത്തിലും ഭരത് സർ എന്നിവരുടെ അമൂല്യമായ മാർഗനിർദേശത്തിലും പരിശ്രമത്തിലും വിജയകരമായി സംഘടിപ്പിക്കപ്പെട്ടു.
ഭിന്നശേഷിക്കാരനായ Vinod എന്ന മത്സരാർത്ഥിയുടെ പങ്കാളിത്തം പരിപാടിയുടെ പ്രത്യേക ആകർഷണമായി. കൂടാതെ, ഏറ്റവും പ്രായം കുറഞ്ഞ മത്സരാർത്ഥിയായ Nihal K Jithin (5 വയസ്)യും ഏറ്റവും പ്രായം കൂടിയ മത്സരാർത്ഥിയായ Krishnan (74 വയസ്)യും പ്രത്യേക അംഗീകാരവും സമ്മാനങ്ങളും ഏറ്റുവാങ്ങി.
മത്സരത്തിൽ പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും സർട്ടിഫിക്കറ്റും മെഡലും വിതരണം ചെയ്തു. വിവിധ പ്രായവിഭാഗങ്ങളിലെ പുരുഷന്മാരിലും സ്ത്രീകളിലും നിന്ന് ഒന്നാം, രണ്ടാം, മൂന്നാം സ്ഥാനങ്ങൾ നേടിയവരെ തിരഞ്ഞെടുത്ത് ആദരിച്ചു.
VKIDFT സന്നദ്ധ പ്രവർത്തകരുടെ മികച്ച ഏകോപനത്തിലും സഹകരണത്തിലും പരിപാടി സുഗമമായി നടന്നു. ഭക്ഷ്യസുരക്ഷയുടെ സന്ദേശം സമൂഹത്തിലേക്ക് എത്തിക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ഈ മറാത്തൺ രാവിലെ 8.30 മണിക്ക് സമാപിച്ചു.

ജൂൺ 8-ന് "കൈക്കോർക്കാം" എന്ന പേരിൽ വി.വി.എസ് ഹൈസ്കൂൾ, മണ്ണുത്തിയിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. പരിപാടി രാവിലെ 9.30 മണിക്ക് ആരംഭിച്ചു.
ജിതിൻ സാറിന്റെയും ഭരത് സാറിന്റെയും നേതൃത്വത്തിൽ ഒന്നാം വർഷത്തിലെയും രണ്ടാം വർഷത്തിലെയും വ വിദ്യാർഥികളാണ് പരിപാടിയിൽ പങ്കെടുത്തത്.പരിപാടിയുടെ ഭാഗമായി സുമേഷ് പി. എസ് ടെക്നിക്കൽ അസിസ്റ്റൻസ് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് തൃശ്ശൂർ വിദഗ്ധ പ്രഭാഷണം നടത്തി. ലോക ഭക്ഷ്യസുരക്ഷാ ദിനത്തിന്റെ പ്രാധാന്യം, ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാന കാര്യങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ എന്നിവ അദ്ദേഹം വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു.
തുടർന്ന് ഒല്ലൂർ സർക്കിളിലെ ഫുഡ് സേഫ്റ്റി ഓഫീസറായ അരുൺ പി. കാര്യാട്ട് ക്ലാസ് നയിച്ചു. ഭക്ഷ്യ ഉൽപ്പന്നങ്ങളിലെ ലേബലുകൾ പരിശോധിക്കേണ്ടതിന്റെ ആവശ്യകത, ലേബലുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ, സുരക്ഷിതമായ

ഭക്ഷ്യവസ്തുക്കൾ തിരഞ്ഞെടുക്കുന്ന രീതി എന്നിവയെക്കുറിച്ച് അദ്ദേഹം വിദ്യാർത്ഥികൾക്ക് അവബോധം നൽകി.
തുടർന്ന് വിദ്യാർത്ഥികൾ ഭക്ഷ്യ മാലിന്യങ്ങളുടെ പുനരുപയോഗത്തെ ആസ്പദമാക്കി ഒരു ബോധവത്കരണ നാടകം അവതരിപ്പിച്ചു. മുമ്പ് കോളേജിൽ അവതരിപ്പിച്ച ഈ നാടകം സ്കൂൾ വിദ്യാർത്ഥികളിലും മികച്ച പ്രതികരണം നേടി.
പരിപാടിയുടെ ഭാഗമായി ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാന ആശയങ്ങൾ, ഭക്ഷണവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം, വിദഗ്ധ പ്രഭാഷണങ്ങളിൽ നിന്ന് ലഭിച്ച അറിവുകൾ എന്നിവയെ അടിസ്ഥാനമാക്കി ഒരു ഓപ്പൺ ക്വിസ് മത്സരവും സംഘടിപ്പിച്ചു. ശരിയുത്തരം നൽകിയ വിദ്യാർത്ഥികൾക്ക് ചെറിയ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചു.
അവസാനമായി വിദ്യാർത്ഥി കോ-ഓർഡിനേറ്റർ നന്ദിപ്രസംഗം നടത്തി. പരിപാടി വിജയകരമായി നടത്തുന്നതിന് പിന്തുണയും സഹകരണവും നൽകിയ സ്കൂൾ അധികൃതർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നന്ദി രേഖപ്പെടുത്തി. ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നതിലും സുരക്ഷിത ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും പരിപാടി ശ്രദ്ധേയമായ പങ്കുവഹിച്ചു.11.30 യോടെ പരിപാടി അവസാനിച്ചു.
ജൂൺ 8-ന് ഉച്ചയ്ക്ക് 12.30 മണിക്ക് inter കോളേജ് ക്വിസ് മത്സരം സംഘടിപ്പിച്ചു. കോളേജ് ഓഫ് വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ്, മണ്ണുത്തി (CVAS), കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളാനിക്കര, സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ, കൂടാതെ VKIDFT യിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ ആകെ 27 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.
ആദ്യഘട്ടമായ പ്രിലിമിനറി റൗണ്ടിന് ശേഷം മികച്ച പ്രകടനം കാഴ്ചവച്ച ആറ് ടീമുകൾ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഡോ. ഷാരി ടി. പി., ഡയറി കെമിസ്ട്രി department ക്വിസ് മാസ്റ്ററായി പ്രവർത്തിച്ചു.
കോളേജിന്റെ ഡീൻ ഡോ. ബീന, തൃശ്ശൂർ ഫുഡ് സേഫ്റ്റി department ലെ അസിസ്റ്റന്റ് കമ്മീഷണർ ശ്രീമതി ഇന്ദു വി. എസ്, ഒല്ലൂർ ഡിവിഷൻ ഫുഡ് സേഫ്റ്റി ഓഫീസർ അരുൺ പി. കാര്യാട്ട്, രേഷ്മ മാഡം എന്നിവരുടെ മാർഗനിർദേശത്തിലും മേൽനോട്ടത്തിലും മത്സര പരിപാടി നടന്നു.
അഞ്ച് വ്യത്യസ്ത റൗണ്ടുകളിലായാണ് ഫൈനൽ മത്സരം ക്രമീകരിച്ചത്. ഭക്ഷ്യസുരക്ഷ, ഭക്ഷ്യശാസ്ത്രം, പൊതുവിജ്ഞാനം, സമകാലിക വിഷയങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ചോദ്യങ്ങളിലൂടെ മത്സരാർത്ഥികളുടെ അറിവും വിശകലനശേഷിയും വിലയിരുത്തി. മത്സരത്തിന്റെ അവസാനത്തിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച മൂന്ന് ടീമുകൾക്ക് ഒന്നാം, രണ്ടാം, മൂന്നാം സ്ഥാനങ്ങൾ നൽകി ആദരിച്ചു.
പരിപാടി വൈകുന്നേരം 4.00 മണിക്ക് സമാപിച്ചു. വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തവും ആരോഗ്യകരമായ മത്സര മനോഭാവവും പരിപാടിയെ വിജയകരമാക്കി.

വൈകുന്നേരം 4.30 മുതൽ 5.30 വരെ NUTRIPICK" എന്ന മത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ വിദ്യാർത്ഥിക്കും വ്യത്യസ്തമായ ഒരു ആരോഗ്യാവസ്ഥ നൽകി. അതിനനുസരിച്ച് അനുയോജ്യമായ ഭക്ഷണക്രമം (Diet Plan) തയ്യാറാക്കുക എന്നതായിരുന്നു മത്സരത്തിന്റെ ലക്ഷ്യം. രോഗാവസ്ഥയുടെ പോഷകാവശ്യകതകൾ മനസ്സിലാക്കി സമതുലിതമായ ഭക്ഷണക്രമം രൂപകൽപ്പന ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളുടെ പോഷകാഹാര വിജ്ഞാനവും പ്രായോഗിക കഴിവുകളും വിലയിരുത്തുകയായിരുന്നു.
മത്സരം രണ്ട് റൗണ്ടുകളിലായി സംഘടിപ്പിച്ചു. ആദ്യ റൗണ്ടിൽ നൽകിയ ആരോഗ്യാവസ്ഥയെ അടിസ്ഥാനമാക്കി ഭക്ഷണക്രമം തയ്യാറാക്കുകയും വിശദീകരിക്കുകയും ചെയ്തു. തുടർന്ന് മികച്ച പ്രകടനം കാഴ്ചവെച്ചവർ അടുത്ത ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
മത്സരത്തിന്റെ വിധിനിർണയം ആര്യ mam ഉം അജയ് സാറും നിർവഹിച്ചു. മത്സരാവസാനം മികച്ച പ്രകടനം കാഴ്ചവെച്ച മൂന്ന് പേരെ ഒന്നാം, രണ്ടാം, മൂന്നാം സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുത്തു.

ജൂൺ 9-ന് 8.45 ന് പരിപാടിയുടെ ഭാഗമായി “Food Safety as a Tool for Market Expansion and Career Growth” എന്ന വിഷയത്തിൽ വിദഗ്ധ പ്രഭാഷണം സംഘടിപ്പിച്ചു. ഡോ. ഫുഡ് ടെക്കിന്റെ ഓപ്പറേഷൻസ് ഹെഡ് ശ്രീ. ഹരി പ്രസാദ് പി. പ്രഭാഷണം നടത്തി. ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം, വിപണി വികസനം, തൊഴിൽ അവസരങ്ങൾ എന്നിവയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പരിപാടി വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായി.

ജൂൺ 9-ന് 9.30 ക്ക് "Food Packaging and Labelling” എന്ന വിഷയത്തിൽ വിദഗ്ധ പ്രഭാഷണം സംഘടിപ്പിച്ചു. ശ്രീ. സുമേഷ് പി. എസ്.യും ശ്രീ. അരുൺ പി. കരിയാട്ടും ക്ലാസുകൾ നയിച്ചു. ഭക്ഷ്യ പാക്കേജിംഗിന്റെയും ലേബലിംഗിന്റെയും പ്രാധാന്യം, നിയമങ്ങൾ, ഉപഭോക്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് അവർ വിശദീകരിച്ചു. പരിപാടി വിദ്യാർത്ഥികളുടെ അറിവ് വർധിപ്പിക്കാൻ സഹായകമായി. ജൂൺ 9-ന് 10.30 ക്ക് വി.കെ.ഐ.ഡി.എഫ്.ടി. സെമിനാർ ഹാളിൽ “Food Safety as a Tool for Market Expansion and Career Growth” എന്ന വിഷയത്തിൽ വിദഗ്ധ പ്രഭാഷണം സംഘടിപ്പിച്ചു. ഡോ. ഫുഡ് ടെക്കിന്റെ ഓപ്പറേഷൻസ് ഹെഡ് ശ്രീ. ഹരി പ്രസാദ് പി. ആയിരുന്നു പ്രഭാഷകൻ.

ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം, വിപണി വികസനത്തിൽ അതിന്റെ പങ്ക്, കൂടാതെ ഫുഡ് ഇൻഡസ്ട്രിയിലെ തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് അദ്ദേഹം ലളിതമായി വിശദീകരിച്ചു. വിദ്യാർത്ഥികൾക്ക് പുതിയ അറിവുകളും കരിയർ

മാർഗനിർദേശങ്ങളും ലഭിച്ച ഉപകാരപ്രദമായ ഒരു സെഷനായിരുന്നു ഇത്.ലോക ഭക്ഷ്യസുരക്ഷാ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച FOOD SALVATIO പരിപാടി ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള അവബോധം സമൂഹത്തിലേക്ക് എത്തിക്കുന്നതിൽ വിജയകരമായി. വിവിധ മത്സരങ്ങൾ, ബോധവത്കരണ പരിപാടികൾ, വിദഗ്ധ പ്രഭാഷണങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും സുരക്ഷിത ഭക്ഷണശീലങ്ങളുടെ പ്രാധാന്യം വളർത്താൻ സാധിച്ചു. എല്ലാ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും veara students' union ന്റെയും സഹകരണത്തോടെ ഒരാഴ്ച നീണ്ടുനിന്ന പരിപാടികൾ വിജയകരമായി സമാപിച്ചു.